ചെറിയ വെള്ളച്ചാട്ടങ്ങളിൽനിന്നും വൈദ്യുതി

153 (936) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലുള്ള ചെറിയ വെള്ളച്ചാട്ടങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിൽ താഴെപ്പറയുന്ന 5 ചെറുകിട പദ്ധതികൾ തുടങ്ങുന്നതിനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്.

1.	ചോലടി സ്മാൾ	-	2 മെഗാവാട്ട്
2.	കല്ലാടി സ്മാൾ	-	7.50 ,,
3.	കാന്തൻപാറ	-	1.20 ,,
4.	മീൻമുട്ടി	-	12.50 ,,
5.	പുന്നപ്പുഴ സ്മാൾ	-	2.40 ,,

ഇതിൽ പുന്നപ്പുഴ സ്മാൾ, കാന്തൻപാറ എന്നീ പദ്ധതികൾ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച് പ്രാഥമിക കരാർ ഒപ്പുവച്ചു.

കൂടാതെ, മക്കി, പാൽസുരം എന്നീ വെള്ളച്ചാട്ടങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള രണ്ടു പദ്ധതികളും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദപഠനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി ലഭിക്കുന്നതിന് നിവേദനം

154 (937) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൂത്താളി ഗ്രാമപഞ്ചായത്ത് 8-ാം വാർഡിലെ വെട്ടിയോകുന്ന് ഹരിജൻ കോളനിയിലെ 13 കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതു സംബന്ധിച്ച നവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയെടുത്തു എന്നു വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഇത്തരം ഒരു നിവേദനം ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly